**കോളേജ് വിദ്യാഭ്യാസ വകുപ്പ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: സി 2/4248/2017/കോ.വി.വ — തീയതി: 31/12/2019

---

പരാമർശം:- 1. 31/12/2019 തീയതിയിലെ സി 1/2109/2019/കോ.വി.വ. നമ്പർ ഉത്തരവ്.

2. 26/06/2019 തീയതിയിലെ സി 1/8771/2016/കോ.വി.വ. നമ്പർ ഉത്തരവ്.

3. 30/09/2019 -ലെ ഉത്തരവ് നമ്പർ സി 2/4248/2017/കോ.വി.വ.

4. 18/12/19 തീയതിയിലെ സി 2/4848/17/കോ.വി.വ. നമ്പർ ഉത്തരവ്.

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ താഴെ പറയുന്ന ഒഴിവ് നിലവിലുണ്ട്.

| ക്രമ നം | സ്ഥാപനം | ഒഴിവിന്റെ സ്വഭാവം |
|---|---|---|
| 1 | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം | ശ്രീ. സാജൻ ആർ സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ഉണ്ടായ ഒഴിവ് |

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിലേയ്ക്ക് 26/06/2019 തീയതിയിലെ സി 1/8771/2016/കോ.വി.വ. പ്രകാരം ഉത്തരവായ ഹെഡ് അക്കൗണ്ടന്റുമാരുടെ മുൻഗണനാ പട്ടികയനുസരിച്ച് ചുവടെ പേരു ചേർത്തിരിക്കുന്ന ഹെഡ് അക്കൗണ്ടന്റിനെ 30700 - 65400/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

## സ്ഥാനക്കയറ്റം

| ക്രമ നം | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പരാമർശം (2) സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി. സീമ സി.റ്റി. ഹെഡ് അക്കൗണ്ടന്റ് കെ.എം.എം. ഗവൺമെന്റ് വനിതാ കോളേജ്, കണ്ണൂർ | 10 (ക്രമ നം. 9-ന് പരാമർശം (4) പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം (ശ്രീ. സാജൻ ആർ ജൂനിയർ സൂപ്രണ്ടിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ) |

GOVERNMENT OF KERALA

Scanned by CamScanner

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ളയാൾ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നും 14 ദിവസത്തിനകം വിടുതൽ വാങ്ങി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
ഷുജ ആർ.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി. 31/12/19

0446424 GOVERNMENT OF KERALA

Scanned by CamScanner